**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 17** **10-06-2024 - ൽ മറുപടിയ്ക്ക്**

**സെക്രട്ടറിയേറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സെക്രട്ടറിയേറ്റിൽ നാളിതുവരെ എത്ര ഫയലുകളാണ് ഇനിയും തീർപ്പാക്കുവാനുള്ളതെന്ന് അറിക്കാമോ; | (എ) | സെക്രട്ടറിയേറ്റിലെ ഓരോ വകുപ്പിലും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളുടെ വിവരങ്ങൾ ലഭ്യമാകുന്നതിനായി പ്രതിമാസ പ്രവർത്തന പത്രിക തയ്യാറാക്കുന്നുണ്ട്. 2024 മെയ് മാസത്തെ പ്രതിമാസ പ്രവർത്തന പത്രിക പ്രകാരം 2,99,425 ഫയലുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. |
| (ബി) | ഓരോ വകുപ്പിലും കെട്ടിക്കിടക്കുന്ന ഫയലുകൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സെക്രട്ടറിയേറ്റിലെ ഓരോ വകുപ്പിലും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളുടെ വിവരങ്ങൾ ലഭ്യമാകുന്നതിനായി പ്രതിമാസ പ്രവർത്തന പത്രിക തയ്യാറാക്കുന്നുണ്ട്. 2024 മെയ് മാസത്തെ പ്രതിമാസ പ്രവർത്തന പത്രിക പ്രകാരം 2,99,425 ഫയലുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. |
| (സി) | കെട്ടിക്കിടക്കുന്ന ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | ഒരോ മാസവും ഇ- ഓഫീസിൽ ഇലക്ട്രോണിക്കലി ജനറേറ്റ് ചെയ്യപ്പെടുന്ന പ്രതിമാസ പ്രവർത്തന പത്രിക വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടെ എല്ലാ വകുപ്പിലെയും / സെക്ഷനിലെയും മേലുദ്യോഗസ്ഥർ അവലോകനം ചെയ്ത് കാര്യക്ഷമത ഉറപ്പ് വരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല പ്രതിമാസ മീറ്റിംഗുകൾ വിളിച്ച് കൂട്ടി ഫയൽ തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്തുന്നുണ്ട് .കൂടാതെ ചീഫ് സെക്രട്ടറിയുടെ സെക്രട്ടറിമാരുമായുള്ള പ്രതിമാസ യോഗത്തിലും ഫയൽ തീർപ്പാക്കൽ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ